കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം മുനിസിപ്പൽ കോമൺ സർവ്വീസ്- കോട്ടയം നഗരസഭ ശ്രീ.ബി.വേണുകുമാർ, സീനിയർക്ലാർക്കിന് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതെ പുറത്ത് നിന്ന കാലയളവ് ക്രമവത്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1651/2016/തസ്വഭവ. തീയതി: തിരുവനന്തപുരം, 12/05/2016.

പരാമർശം : 1.ശ്രീ.വേണുകുമാറിന്റെ 11/12/2014 ലെ അപേക്ഷ.
2.നഗരകാര്യ ഡയറക്ടറുടെ 28/01/2015, 26/09/2015 തിയതികളിലെ ഇ 3-10201/13 നമ്പർ കത്തുകൾ.

ഉത്തരവ്

തൃശ്ശൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീ.ബി.വേണുകുമാറിനെ തിരുവല്ല നഗരസഭയിലേയ്ക്ക് നഗരകാര്യ ഡയറക്ടറുടെ 23/01/2013 ലെ ഇ 3-260/11 വാല്യം 2 നമ്പർ പ്രകാരം സ്ഥലം മാറ്റി നിയമിച്ചിരുന്നുവെങ്കിലും തിരുവല്ല നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ തിരുവല്ല നഗരസഭയിൽ ടിയാനെ ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വരുകയും ടിയാന്റെ ആവശ്യ പ്രകാരം തിരുവല്ല നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നു.എന്നാൽ മൂന്നു മാസവും 24 ദിവസങ്ങൾക്കും ശേഷമാണ് തനിയ്ക്ക് നിയമനം നൽകികൊണ്ടുള്ള ഉത്തരവുണ്ടായതെന്നും എവിടെയും നിയമിക്കപ്പെടാതെ അനിശ്ചിതത്വത്തിൽ കഴിഞ്ഞ 26/1/2013 മുതൽ 29/05/2013 വരെയുള്ള കാലയളവിലെ ശമ്പളത്തെക്കുറിച്ച് പരാമർശിക്കാതെ ഉത്തരവാകുകയും എന്നാൽ 10/10/2013 ൽ ഇറങ്ങിയിട്ടുള്ള ഇ 3.1021/13 നമ്പർ ഉത്തരവിൽ ടി കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്.തന്റേതല്ലാത്ത കാരണങ്ങൾക്കൊണ്ട് ടിയാന്റെ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതെ മേൽ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളം അനുവദിക്കുന്നതിന് ടിയാൻ അപേക്ഷിച്ചിരിക്കുന്നു. ശ്രീ.ബി.വേണുകുമാറിന്റെ അപ്പീൽ അപേക്ഷയിന്മേൽ നഗരകാര്യ ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വേണുകുമാറിന് 26/01/2013 അർഹതപ്പെട്ട അവധിയായും 27/01/2013 പ്രവേശന കാലമായും 28/01/2013 മുതൽ ടിയാൻ കോട്ടയം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതു വരെയുള്ള കാലയളവ് കെ എസ് ആർ ഭാഗം 1 ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.ബിനുകുമാർ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി,കോട്ടയം നഗരസഭ.

ശ്രീ.വേണുകുമാർ,സീനിയർ ക്ലാർക്ക്,കോട്ടയം നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.